# ആരാണു വിദ്യാധരൻ?

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

ഊമക്കത്തെഴുത്ത് ഒരു ആയോധനമാർഗ്ഗമാക്കൽ ഉൾക്കരുത്തില്ലായ്മയുടെ പ്രത്യക്ഷീകരണമാകുന്നു. ഊമകൾപോലും അനുവർത്തിക്കേണ്ട ചടങ്ങല്ല അത്. അത്തരം എഴുത്തുകൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളെ, പൊതുവെ, മഞ്ഞപ്പത്രങ്ങളുടെ കൂട്ടത്തിൽ കൂട്ടുന്നു. വ്യക്തികളെയും പ്രസ്ഥാനങ്ങളെയും വളർത്താനും തളർത്താനും താങ്ങാക്കാൻ അവയെ ആവശ്യാനുസരണം ഉപയോഗിക്കുകയെന്നത് എല്ലാ മേഖലകളിലും കാണുന്ന പ്രവണതയാണെങ്കിലും, ഇത്തരം നാഥനില്ലാക്കളരികൾ ആത്യന്തികമായി അരാജകത്വം വളർത്താനേ ഉതകൂ.

പല ഇ-പ്രസിദ്ധീകരണങ്ങളിലും പലപ്പോഴും കാണുന്ന അഭിപ്രായപ്രകടനങ്ങൾ ഭരണഘടനയുടെ ഒന്നാം അമെന്റ്മെന്റനുസരിച്ച് അനുവദിനീയമോ എന്നുള്ളതല്ല പ്രശ്നം. വിശദാംശങ്ങളിലേക്കു കടക്കുന്നതിനുമുമ്പ്, വായിൽ തോന്നുന്നതെന്തും – ചിന്തിക്കാതെയും സംസ്കരിക്കാതെയും – വെർച്വൽ ലോകത്തേക്കു കടത്തിവിടുന്നത് നല്ലതോയെന്നു, സഞ്ചരിക്കുമ്പോഴും എഡിറ്റു ചെയ്യാൻ ശക്തിയുള്ള സാറ്റെലൈറ്റ് ഇന്ററർനെറ്റ് കണെക്ഷനുള്ള പത്രാധിപന്മാരും ചിന്തിക്കേണ്ടതാണ്. ഒരു വട്ടമേശയ്ക്കു ചുറ്റുമിരുന്നു മാസ്ക്കണിഞ്ഞു തിരിച്ചറിവുമുഖം കാണിക്കാത്ത യോഗപ്രതിനിധികളുടെ പുലമ്പലുകളും, സദസ്സിനെ അഭിമുഖീകരിച്ചു പോഡിയത്തിൽനിന്ന് മുഖംമൂടിയില്ലാതെ, ഉത്തരവാദിത്വത്തോടെ കാര്യമാത്രപ്രസക്തമായി സംസാരിക്കലും തമ്മിലുള്ള വ്യത്യാസമാണ് ഇത്തരം കമെന്റുകൾ കണ്ണിൽപ്പെടുമ്പോൾ ഓർമ്മ വരിക. സദാചാരമുറകളും ധാർമ്മികമൂല്യങ്ങളും കൈവിട്ടു തത്ത്വദീക്ഷിതയില്ലാതെ എന്തും എഴുതുന്ന, വ്യക്തിവൈരാഗ്യം വളർത്താനും മുൻകൂർകാര്യപരിപാടി നടപ്പാക്കാനും വിരുതുകാട്ടുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹനമർഹിക്കുന്നില്ല. വ്യക്തിഗത കാരണങ്ങളാൽ സമചിത്തത വെടിഞ്ഞ കലാലോകത്തെ പല നിരൂപകരും, നല്ല കലാകാരന്മാരെപ്പോലും വളരാൻ അനുവദിക്കാതിരിക്കാറുണ്ട്.

## തൂലികാനാമത്തിന്റെ മന:ശാസ്ത്രം

കള്ളപ്പേരിൽ – തൂലികാനാമമെന്നു ചെല്ലപ്പേർ – എഴുതുന്ന വ്യക്തിയുടെ മന:ശാസ്ത്രം ചിലപ്പോഴെങ്കിലും വിചിത്രമാണ്. ഇക്കൂട്ടത്തിൽ നാണം കുണുങ്ങികളും, ഭീരുക്കളും, വെള്ളിവെളിച്ചമടിക്കുമ്പോൾ കണ്ണഞ്ചുന്നോരും, അധികാരികളെ ഭയക്കുന്നോരും, പതുങ്ങിയിരുന്നു വെടിവെക്കുന്ന ഗറില്ലകളും ഉണ്ടാകാം. ചെയ്ത പ്രവർത്തിയുടെ അനന്തരഫലവും ഉത്തരവാദിത്വവും ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന, സ്വാർത്ഥതല്പരരായ കെടുകാര്യസ്ഥതയുടെ പ്രതിനിധികളെ – വ്യക്തികളേയും അവരെ നയിക്കുന്നോരെയും – ഈ വിഭാഗത്തിൽ കണ്ടേക്കാം.

വിലയിരുത്തുകാർ ഒളിഞ്ഞിരിക്കേണ്ട കാലപ്രമാണം: ചില സന്ദർഭങ്ങളിൽ മറഞ്ഞിരുന്ന് എഴുതേണ്ട ആവശ്യം വന്നേക്കാം: ഉപജീവനമാർഗ്ഗത്തിനു ഹാനി ഭവിക്കാവുന്ന സന്ദർഭങ്ങൾ ("കഞ്ഞിയിൽ മണ്ണു വീഴുന്ന"എന്നു നാടൻ ശൈലി), മേലധികാരികൾ പീഡിപ്പിച്ചേക്കാവുന്ന വേളകൾ എന്നിവ സാർത്ഥകം. പാറപ്പുറവും, കോവിലനും, നന്തനാരും മറഞ്ഞിരുന്നു

സർഗ്ഗക്രിയ നടത്താൻ ഹേതു, അക്കാലത്ത് ഇന്ത്യൻ സൈനിക നിയമത്തിലുണ്ടായിരുന്ന കടുത്ത അവച്ഛേദങ്ങളായിരുന്നു. ജോർജ് എലിയെട്ടും (മേരി), മാർക്ക് ട്വിന്നും (സാമുവേൽ) മറ്റും തൂലികാനാമത്തിൽ എഴുതാൻ ഒരു കാരണം, അക്കാലത്തുണ്ടായിരുന്ന എളിമയുടെ വികലമായ നിർവ്വചന പരിമിതികളായിരിക്കാം – ഒരാൾ മാന്യതയ്ക്കുവേണ്ടി പുരുഷനാമം സ്വീകരിച്ചു; അപരൻ പുഴയോടുള്ള പ്രേമത്തിൽനിന്ന് തൂലികാനാമം കണ്ടെത്തി. ഇന്ത്യാ സർക്കാരിന്റെ പേരേടിൽ ഉയർന്ന ശ്രേണിയിൽ ശമ്പളം പറ്റിയിരുന്ന സമയത്ത് സ്വന്തം പേരിൽ എഴുതിയിരുന്നപ്പോൾ, ഞാൻ ഗവണ്മെണ്ടിന്റെ സർവീസ് നിയമാവലിയിലെ "കണെക്-ഷൻ വിത്ത് പ്രെസ്സ് ഏന്റ് റേഡിയോ" എന്ന ഖണ്ഡം പകർത്തിയെടുത്ത് നിയമലംഘനപ്പഴുതുകൾ അടയ്ക്കുകയായിരുന്നു – അതിനുമുമ്പ്, പേടിമൂലം, ഒരു തൂലികാനാമത്തിൽ ഏറെനാൾ ഒളിച്ചിരുന്നെങ്കിലും.

പല "ഒറ്റയാൾ" പത്രങ്ങളിലും പത്രാധിപർത്തന്നെ പല പേരുകളിൽ വിവിധ കോളങ്ങൾ ചെയ്യാറുണ്ട്. ഒരാൾത്തന്നെ സിനിമയും സ്പോട്സും വാരഫലവും കൈകാര്യം ചെയ്യേണ്ടിവരുമ്പോളുള്ള ദുരവസ്ഥ ആർക്കും ഗ്രഹിക്കാവുന്നതാണ്. ഏകാംഗ കയ്യെഴുത്തു മാസികകൾ നടത്തിപ്പോന്നവർക്കും ഇതേ അനുഭവം ഉണ്ടാകാം. അതുകൊണ്ട്, മാപ്പർഹിക്കുന്ന അത്തരം സാഹചര്യങ്ങളല്ല ഇവിടെ വിഷയം.

## തെറ്റിദ്ധരിപ്പിക്കുന്ന കുത്സിതത്വം

വെടിയമ്പുകൾ എയ്യുന്ന സാമർത്ഥ്യത്തോടെയാണ് പലരും കമെന്റുകളും അഭിപ്രായങ്ങളും എഴുതിപ്പിടിപ്പിക്കുന്നത്. ഗൌരവവായനയുടെ ഘടകങ്ങളായ ആഗീകരണം, ആസ്വാദനം, വിശകലനം എന്നിവയുടെ ലക്ഷണം നാലയലത്തുപോലും കാണാത്ത ഭർത്സനങ്ങളാണ് ഏറെയും. ഹാസസാഹിത്യത്തിനു പുതുസംഭാവന നൽകലാണ് ലക്ഷ്യമെങ്കിൽ, ഉദ്ദേശ്യശുദ്ധിക്കു മാപ്പ്! ഇവർ നിരൂപകകേസരികളെന്നോ അറിവിന്റെ നിറകുടമെന്നോയുള്ള നാട്യചിന്ത അസ്ഥാനത്തെന്നു സാരം!

ഒളിപ്പിച്ച കാര്യപരിപാടിയുടെ ഒളിയും ഓളിയും കണ്ടുകേൾക്കുമ്പോൾ, വിവരമുള്ളവർക്കു വാലുപൊക്കുന്ന പശു ഏതു പാളയത്തിലെ ശമ്പളക്കാരനാണെന്നു തിരിച്ചറിയാൻ പുതിയ ബിരുദങ്ങൾ നേടേണ്ടതില്ല. കൂടാതെ, "മുമ്പിലോടുന്നോൻ കള്ളൻ" എന്ന ധാരണ പരത്താൻ – മറ്റുള്ളവരുടെ പേരുകൾ അഭിപ്രായപ്പേറിന്റച്ഛൻ എന്നു തെറ്റിദ്ധരിപ്പിക്കുന്ന സൂചനകൾ പടർത്താൻ – ഇക്കക്ഷികൾ തത്രപ്പെടുന്നതും കാണാം. പലരും എന്നേയും ഫോണിൽ വിളിച്ചു അതിലൊരാളുടെ പിതൃത്വം അവകാശപ്പെടുന്നോയെന്നു ചോദിച്ചതിലെ അധാർമ്മികതയായിരിക്കാം, പ്രതികരണസ്വഭാവമുള്ള, തിരിച്ചറിയൽപത്രിക സമർപ്പിച്ചുള്ള, ഈ ലേഖനപ്പിറവിക്കു ഒരു പിന്തുണ!

## കരുത്തുള്ള പ്രസിദ്ധീകരണങ്ങളുടെ ലക്ഷണം

വായനക്കാരുടെ പ്രതികരണങ്ങൾ പ്രസിദ്ധീകരിക്കൽ വളരെ പ്രാധാന്യമുള്ള പ്രവർത്തിയാണ്. മലയാളത്തിലെ പല ആഴ്ച്ചപ്പതിപ്പുകളും വായനക്കാരുടെ കത്തുകൾക്ക് നിശ്ചിതസ്ഥലം നീക്കിവെച്ചിട്ടുണ്ട്. ഉദാഹരണത്തിനു, മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ ഓരോ ലക്കത്തിലും നാലു "പ്രൈം"പേജുകൾ കത്തുകൾക്കായുണ്ട്. പല അവസരങ്ങളിലും, അത് ആറു താളുകളായി നീളാറുമുണ്ട്.

എഴുത്തുകാരേക്കാൾ വലിയ വായനക്കാർ ഉണ്ടാകുകയെന്നതാണ് ഒരു പ്രസിദ്ധീകരണത്തിന്റെ ഏറ്റവും വലിയ മഹത്ത്വം. അവർ, എഴുത്തുകാരൻ കാണാത്തതോ വിട്ടുപോയതോ ആയ, പൂരകങ്ങളും അനുബന്ധങ്ങളുമായ വസ്തുതകൾ വിശദീകരിച്ച്, വായനയെ സമ്പന്നമാക്കുന്നു. ഇത്തരം പ്രതികരണങ്ങൾ പുതുവെളിച്ചം വീശുന്ന മെഴുതിരികളാകും. പരിചയംകൊണ്ടും പാണ്ഡിത്യംകൊണ്ടും വിവൃതമാകുന്ന അഭിപ്രായങ്ങൾ, മുഖ്യലേഖനത്തിലെ അംശങ്ങൾ മറന്നാലും വായനക്കാരന്റെ മനസ്സിൽ തങ്ങുന്നു. ഉത്തരവാദിത്വമുള്ള അഭിപ്രായങ്ങളും പ്രതികരണങ്ങളും മാത്രമേ ഇലക്ട്രോണിക-മഷിയും പുരളാൻ അനുവദിക്കാവൂ.

## ഒളിഞ്ഞിരിക്കേണ്ട വിലയിരുത്തുകാർ

മുഖം നോക്കാതെ, ഒരു കൃതി മൂല്യനിർണ്ണയം ചെയ്യേണ്ട അവസരത്തിൽ വിധികർത്താക്കൾക്ക് തങ്ങളുടെ ഐഡെന്റിറ്റി വെളിപ്പെടുത്താതിരിക്കേണ്ടി വരും – വിധി പരസ്യപ്പെടുത്തുന്ന ദിവസം വരേക്കെങ്കിലും. അനാവശ്യസ്വാധീനം തടയലാണ് പ്രധാന ലക്ഷ്യം. ശാസ്ത്ര രംഗത്തെ "പീയെർ റിവ്യൂഡ് ജേണലുകൾ" ഇതു വളരെ ചിട്ടയോടെ അനുഷ്ഠിക്കുന്നു. നല്ല ജേണലുകൾ ഒരേ ലേഖനം നിർദ്ദിഷ്ട മേഖലയിലെ മൂന്നു നിപുണരായ "അശാന്മാർ"ക്കെങ്കിലും അയയ്ക്കുന്നു. എന്നാൽ, ലേഖനകർത്താക്കളുടെ പേരുകൾ, നിരൂപണത്തിനായി വിധികർത്താക്കൾക്ക് അയച്ചുകൊടുക്കുന്ന എഡിറ്റർമാർ മറച്ചുവെക്കാറില്ല. വിധികർത്താക്കളുടെ പേരുകൾ ആജീവനാന്ത രഹസ്യമാണെന്നാണ് വെപ്പ്. ചുരുക്കം ജേണലുകൾ മാത്രം ലേഖനപ്രസിദ്ധീകരണവേളയിൽ "ആശാന്മാ"രുടെ പേരുകളും വെളിപ്പെടുത്തുന്നു.

ഇയ്യിടെ "ജനനി" മാസിക നടത്തിയ ചെറുകഥാമത്സരത്തിന്റെ ആദ്യപരസ്യത്തിൽ, വിധികർത്താക്കളിൽനിന്നും എഴുത്തുകാരുടെ പേരുകൾ മറച്ചുവെക്കുന്നതാണെന്ന് അറിയിച്ചിരുന്നു. അതു പാലിച്ചോയെന്ന് എനിക്കറിയില്ലെങ്കിലും, മത്സരപരിണാമത്തിൽ, പ്രശസ്തരായ അമേരിക്കൻ എഴുത്തുകാർ ഒന്നാം സ്ഥാനത്ത് എത്തിയില്ലായെന്നത് ഒരു സത്യമാണ്. സങ്കൽപ്പിച്ചു നോക്കൂ – കഥാമത്സരത്തിൽ തകഴിക്കും, കാരൂരിനും, ബഷീറിനുമാണ് ഒന്നാം സമ്മാനം അക്കാലത്ത് കൊടുത്തിരുന്നതെങ്കിൽ, എം. ടി.യും സി. രാധാകൃഷ്ണനും വളരുമായിരുന്നോയെന്ന്!

വൈദ്യശാസ്ത്രഗവേഷണത്തിൽ ചെയ്തുവരാറുള്ള "ഡബിൾ ബ്ലൈൻഡെഡ്" പഠനം മത്സരങ്ങൾക്കും പ്രസക്തമാണ്. പുതിയ മരുന്നിന്റെ ശക്തി പരീക്ഷിക്കുന്ന അവസരത്തിൽ, അത് കൊടുക്കുന്ന ആൾക്കും പാനംചെയ്യുന്ന രോഗിക്കും താന്താങ്ങൾ ഭക്ഷിക്കുന്നത് യഥാർത്ഥ മരുന്നോ, "പ്ലസീബൊ"യോയെന്ന് അജ്ഞാതമാക്കുന്ന പോലെ. പഠനത്തിലെ വൈകല്യങ്ങൾ പിഴുതെറിയാൻ അത് സഹായകമാണ്.

സാഹിത്യമത്സരങ്ങളെപ്പറ്റി പറയുകയാണെങ്കിൽ, വിധികർത്താക്കളുടെ സ്ഥാനവലുപ്പം അടിസ്ഥാനമാക്കുന്നതിനൊപ്പം, അവരുടെ "ക്രിറ്റിക്കൽ ഫേക്കൽട്ടി"യിലുള്ള വളർച്ചയും, രാഷ്ട്രീയങ്ങൾക്കും സമ്മർദ്ദങ്ങൾക്കും അതീതമായും "നപുംസക"മായും അഭിപ്രായം പ്രകടമാക്കാനുള്ള കഴിവും, വ്യക്തിഗത സ്വഭാവമഹിമയും, ധൈര്യശാലിത്വവും കൂടി കണക്കാക്കേണ്ടതാണ്. കൂടാതെ, വിധിനിർണ്ണയ പേനലിൽ, വിവിധ തലമുറകളെ പ്രതിനിധാനം ചെയ്യുന്ന മെമ്പർമാരെയും ഉൾപ്പെടുത്താവുന്നതാണ്. .

# പത്രാധിപധർമ്മം

ശരിയായ പേരും ഊരുമില്ലാത്ത കത്തുകളും പ്രതികരണങ്ങളും ചവറ്റുകൊട്ടയിൽ നിക്ഷേപിക്കുകയാണു വേണ്ടത് – ഡെലീറ്റ് എന്ന് ആധുനിക ഭാഷാന്തരീകരണം. തലോടലും, പുറംചൊറിയലും പ്രദർശിപ്പിക്കുന്നവയായാൽപ്പോലും, പിതൃത്വം വെളിപ്പെടുത്താത്ത അഭിപ്രായങ്ങൾ പുറന്തള്ളുകയാണ് നല്ലത്. താഡനവും തടവലും ഒരേ കള്ളനാണയത്തിന്റെ ഇരുവശങ്ങളാണെന്നു തിരിച്ചറിയണം.

നല്ല പത്രങ്ങളും മാസികകളും ഇവ്വേളകളിൽ അനുവർത്തിക്കാറുള്ള നയങ്ങളിൽ ചിലത് ചുവടെച്ചേർക്കുന്നു:

1. യഥാർത്ഥ ഊരും പേരും വ്യക്തമാക്കാത്ത കത്തുകൾ നിഷ്ക്കരുണം നിഷ്ക്കാസനം ചെയ്യുക.
2. പരിശോധിച്ച് ഉറപ്പുവരുത്താൻ സാദ്ധ്യമായ പകൽസമയ ടെലിഫോൺ നമ്പരും ഇ-മെയിൽ വിലാസവും പോസ്റ്റൽ അഡ്രസ്സും നിർബ്ബന്ധമാക്കുക.
3. എഴുത്തുകാരൻ ആവശ്യപ്പെട്ടാൽ 2-ലെ വിവരങ്ങൾ കൈമാറുക.
4. ഇ-പത്രങ്ങളുമായാണ് സംവേദനമെങ്കിൽ, അഭിപ്രായകാരന്റെ IP അഡ്രസ്സും എഴുത്തുകാരനു ലഭ്യമാക്കേണ്ടതാണ്.
5. ലഭിക്കുന്ന അഭിപ്രായത്തിന്റെ പകർപ്പ് എഴുത്തുകാരന് എല്ലായ്പ്പോഴും എത്തിക്കേണ്ടതാണ്.
6. ചില വേളകളിൽ, പ്രസിദ്ധീകരിച്ച വിഷയത്തിൽ അവഗാഹമുള്ള വ്യക്തികളിൽനിന്നും നേരിട്ട് അഭിപ്രായങ്ങൾ ആരായാവുന്നതാണ്.
7. കൃത്യമായി തിരിച്ചറിയൽ നടത്തുന്നവർക്ക് മുകളിലെ പല നിയന്ത്രണങ്ങളും ബാധകമല്ല.

ഒളിഞ്ഞിരുന്ന് വെടിവെക്കുന്നവർക്കുള്ള വേദിയാക്കാതെ, കാര്യമാത്രപ്രസക്തമായ അഭിപ്രായങ്ങൾ മാത്രം പ്രസിദ്ധീകരിക്കാനും, തറക്കയ്യടികൾക്കു കാതു കൊടുക്കാതിരിക്കാനും പ്രസാധകർ തയ്യാറായാൽ, ശക്തിയുള്ള രചനകൾ താനേ മുളച്ചുപൊന്തും. അതുവഴി, സർവ്വ വിഷയങ്ങൾക്കും വിദഗ്ദ്ധാഭിപ്രായം എഴുതുന്നവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യാം! മസാലചേർത്തു പ്രചാരം വർദ്ധിപ്പിക്കാൻ ഇത്തരം വേദിയല്ല തിരഞ്ഞെടുക്കേണ്ടത്.

വിദ്യയെ ധരിക്കുന്നോർ അവിദ്യാമന്ത്രമോതുമോ?

*************************************************************************************************************************